കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷൻ വാർഷിക പദ്ധതി **2015-16** - വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ അധിക വിഹിതമായി അനുവദിച്ച തുക എൽ എ ആർ കേസുകൾക്ക് വകയിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.1389/2016/തസ്വഭവ തിരുവനന്തപുരം, തീയതി. 31/03/2016

പരാമർശം - (1) **25/01/2016** ലെ കൗൺസിൽ തീരുമാനം.

**(2)** കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ **30/03/2016** ലെ **PC1-61655/14** നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം കോർപ്പറേഷൻ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് 101/03, 34/10, 40/10, 41/10 എന്നീ കേസുകൾക്ക് ആവശ്യമായ 6,00,54,644 /- -രൂപ നടപ്പു സാമ്പത്തിക വർഷത്തെ ചെലവഴിക്കാൻ സാധിക്കാതെ അവശേഷിക്കുന്ന വികസനഫണ്ടിൽ നിന്നും കണ്ടെത്തുന്നതിന് 25/01/2016 ലെ കൗൺസിലിൽ തീരുമാനിച്ചതായും കൊല്ലം കോർപ്പറേഷന് വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ അധിക വിഹിതമായി അനുവദിച്ച 3,01,81,476/- രൂപ (മൂന്ന് കോടി ഒരു ലക്ഷത്തി എൺപത്തി ഒന്നായിരത്തി നാനൂറ്റി എഴുപത്തി ആറ് രൂപ) കോർപ്പറേഷനിലെ എൽ.എ.ആർ കേസുകളുടെ ആവശ്യത്തിലേയ്ക്ക് ജി.ഒ പ്രോജക്ടായി പരിഗണിച്ച് അനുമതി നല്കണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം കോർപ്പറേഷന് വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ അധിക വിഹിതമായി അനുവദിച്ച തുക എൽ.എ.ആർ കേസുകളുടെ ആവശ്യത്തിലേക്ക് ജി.ഒ. പ്രോജക്ടായി പരിഗണിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്